KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS

# *C.N.N. G.H.S CHERPU*


e-താൾ

# ആമുഖം

ഇന്ന് കാലം മാറുകയാണ്.ഇന്നത്തെ വർത്തമാന കാലഘട്ടത്തിൽ ഒരുവന്റെ ബഹുമുഖമായ വികാസത്തെ പരിപൂർണതയിലെത്തിക്കുന്നത് ശരിയായ വിദ്യാഭ്യാസ പ്രക്രിയയാണ്. സർഗാത്മക വികസനങ്ങൾക്കും സർഗ്ഗ ശക്തിക്കും ഊന്നൽ കൊടുത്തുക്കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന് മാത്രമേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണ്ണമായി കൈവരിക്കാൻ സാധിക്കൂ. ഇതിനായി ആദ്യം വേണ്ടത് സർഗ്ഗാത്മക രചനകൾക്കായുള്ള അവസരങ്ങളാണ്. അത്തരം അവസരങ്ങളെ മുൻനിർത്തി കുട്ടികളുടെ സർഗ്ഗാത്മകതയേ പരിപോഷിപ്പിക്കുന്നതിനായി ആധുനിക വിവര സാങ്കേതിക വിദ്യയേ പ്രയോജനപ്പെടുത്തി തയ്യാറാക്കിട്ടുള്ളതാണ് ഈ മാഗസ്സിൻ.

ഇന്നത്തെ ആധുനികലോകം പഴയതിൽനിന്നും ഏറെ വ്യത്യസ്തമാണ്.എഴുത്തോലകളും പനയോലകളും കടലാസുകളും പിന്നിട്ട് അവ ഇന്ന് ആധുനിക വിവര സാങ്കേതിക വിദ്യയുടെ പ്രധാന ഉപാധികളായ കമ്പ്യൂട്ടറുകളിലും മൊബൈൽ ഫോണുകളിലും എത്തിനിൽക്കുന്നു.കാലത്തോടൊപ്പം നമ്മുടെ ആശയങ്ങളും ആവശ്യങ്ങളും അഭിരുചികളും എന്നും പഴയതിൽനിന്നും പുതിയതിലേക്ക് സന്നിവേശിക്കപ്പെട്ടുക്കൊണ്ടേയിരിക്കും.ഇങ്ങനെ കാലത്തോടൊപ്പം സഞ്ചരിക്കാൻ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസത്തിനും സാധിക്കണം.ഇത്തരത്തിൽ വിവര സാങ്കേതിക വിദ്യ പ്രയോചനപ്പെടുത്തി സർഗ്ഗാത്മകതയുടെ ആവിഷ്കാരത്തിലൂടെ വിദ്യാഭ്യാസത്തിന്റെ അത്യന്തിക ലക്ഷ്യമായ
പൂർണതയുടെ ആവിഷ്കാരം സാധ്യമാക്കുന്നതിനുള്ള എളിയ ശ്രമമാണ് ' E-താൾ' എന്ന ഇ-മാഗസ്സിനിലൂടെ
ലക്ഷ്യമിടുന്നത്.

# സന്ദേശം

കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് സാങ്കേതിക വിദ്യയോടുള്ള കുട്ടികളുടെ താത്പര്യം ഗുണപരമായി പ്രയോജനപ്പെടുത്തുന്നതിന് വളരെയധികം ഉപകരിക്കുന്നു.ഇതിന്റെ ഭാഗമായി ഇ-മാഗസ്സിൻ പ്രസിദ്ധപ്പെടുത്തുന്നു എന്നതിൽ ഏറെ അഭിമാനിക്കുന്നു.ഇതിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും പ്രത്യേക അഭിനന്ദനം അർപ്പിക്കുന്നു. സാങ്കേതികപരമായി വൈദഗ്ധ്യവും സർഗാത്മകതയും അഭിരുചിയുമുള്ള ഒരു തലമുറ ഇതിലൂടെ രൂപപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

സുനിതാഭായ് കെ

ഹെഡ്മിസ്ട്രസ്



## എഡിറ്റോറിയൽ ബോർഡ്


ഗൗരി നന്ദ കെ ബി

ലക്ഷ്മി എസ്

നന്ദന സി ആർ

സാനിയ കെ ജെ

റിനി റാഫേൽ

നന്ദന വി ആർ

തീർത്ഥ പി എസ്

ഹരിത ടി എച്ച്

ഗോപിക കെ എസ്

നീരജ ബി

**ഉള്ളടക്കം**

മാമ്പഴക്കാലം

അർത്ഥമില്ലാത്തൊരീയർത്ഥം

Those eyes

ഭാഷാപക്ഷികൾ

memories

my friend

പ്രതീക്ഷ

സ്നേഹത്തിന്റെ വിളി

my father

അമ്മ എന്ന സത്യം

ബാല്യം

പ്രക്രതിയുടെ വ്യസനം

ഓർമ്മ

ഗ്രാമഭംഗി

Teacher

അരുവിയോട്

mother

കിനാവ്

മരതകമാം ജീവിതമുത്ത്

നൃത്തം

ഓർമ്മപോലെ

വിദ്യാലയം

on a rainy day

the river

അന്ധകാരം

# മാമ്പഴക്കാലം

മാവിൻ കൊമ്പത്തുഞ്ഞാലാടും ഞെട്ടിൽ
നിൻ രുചി തേനൂറും വായിൽ
നുകരാം നിൻ മാമ്പഴക്കാലം
നുകർന്നീടാം ഞാൻ ഇനിയും
കാലങ്ങൾ മായും തോറും
മാമ്പഴക്കാലമെത്തുമ്പോൾ
വരും ഞാൻ നിൻ മരച്ചോട്ടിൽ
കാറ്റിൽ നീ വീഴുമ്പോൾ നുകരും
ഞാൻ നിൻ രുചി
മാവിൻ കൊമ്പത്തുഞ്ഞാലാടും ഞൊട്ടിൽ
നിൻ രുചി തേനൂറും വായിൽ
കാലങ്ങൾ നിന്നെ നുകരുമ്പോൾ ഞാനും
നിന്നെ നുകർന്നൂടാം



ഹരിത ടി.എച്ച്

# അർത്ഥമില്ലാത്തൊരീയർത്ഥം

ഓർക്കുക മാനവ ,നീ ഓർക്കുക
അതിനുള്ളിലെ കളിയല്ല ജീവിതം
അതിനപ്പുറമാം ദൃശ്യവിസ്മയമാകുന്ന
പൂങ്കാവനമാകുന്നു ജീവിതം.
അർത്ഥമില്ലാത്തൊരീയർത്ഥം
വ്യർത്ഥമാക്കീടുന്നു നിന്നെ.
നിന്മിഴികളെ പൊത്തുമീവസ്തു
അന്ധനാക്കീടുന്നു.
വെന്തുമറിയുന്നടുപ്പിൽ
തീയാം സ്വാർത്ഥത.
അർത്ഥമില്ലാത്തൊരീവസ്തു വിറകും.
ഈ അടുപ്പിൽന്നിന്നുയർന്നീടും പുക
നിന്മനസ്സിൽ നിറഞ്ഞീടും.
സ്വാർത്ഥതയാകുന്നത്തീതൻ താപത്തിൽ
നിന്മനസ്സിൻ നന്മകളെല്ലാം,
ഉരുകിയൊടുങ്ങീടും.




എന്നു പിറവിക്കൊണ്ടു ഈ വസ്തു
അന്നു കളങ്കമായ് പാര്.
അർത്ഥമില്ലാത്തൊരീവസ്തു
സ്നേഹബന്ധങ്ങളെ മുറിക്കും വാളായ്.
അർത്ഥമില്ലാത്തൊരീയർത്ഥത്തിനായിനീ
സ്നേഹം കളഞ്ഞോടിപലതിക്കിലും



ലക്ഷ്മി എസ്

# *THOSE EYES*



**They told to me,to fear and hide,**
**Don't fear them don' say that,**
**There are every,where the cruel eye**
**Are waiting for you.**
**The cruel eyes are waiting to hunt you**
**Please, keep your head down**
**The little girl,looked and asked him**
**Why you change those eyes?**

**Gouri nandha kB**

# _ഭാഷാപക്ഷികൾ

മാനത്തെന്നുമുയർന്നുപറക്കു
കേരള ഭാഷാപക്ഷികളെ
പോകുകയായ് ഞാൻ നിങ്ങളെ അറിയാൻ
നേരുക ഭാവുകമെന്നുടനെ
നേരുക ഭാവുകമെന്നുടനെ....



ചിറകുവിരിച്ചുപറന്നുനടന്നി-
ക്കേരളനാട്ടിൻ പൊൻകൊടിയേ
നാട്ടുകടന്നുമുയർന്നുപറപ്പി-
ച്ചാടിപ്പിക്കുക പുതുമൊഴിയാൽ
താഴാനല്ലയീ വാക്പക്ഷികളെ
വാഴാനാണു പിറന്നതു നാം
കേറുക കേറുക വാനിൻമീതേ
കേറുകയതിരറ്റെമ്പാട്ടും
നൂതനഭാഷാചെങ്കഴുകന്മാർ
ഭീതിയിലെന്നും നിന്നീടാൻ
പാറി പാറിയുയർന്നു പറക്കു
കേരളഭാഷാപക്ഷികളെ.......

സന്മയ എ എസ്

# MEMORIES

*NANDANA CR*




*sometimes a curse*
*sometimes a blessing*
*sometimes a tear drops,*
*sometimes a smile,*
*sometimes a sad ,*
*sometimes a happy,*
*sometimes a painful,*
*sometimes joyful,*
*sometimes comforting,*
*but always for a second in the past*
*it remind us,what we still can be*
*memories a curse*
*memories a blessing!!!*



# My friend

By vishnupriya ps

*I have a friend*
*who know me well*
*who I care so much*
*who I share every thing*
*my thought,my happiness*
*my sorrow,my anger*
*who is always  with me*
*everyone knows that*
*she is my best friend*
*A friend that have everyone*
*she can talk as I talk*
*she can walk as I walk*
*she can smile a I smile*
*she can cry as I cry*
*she is my best friend*
*she is my soul*
*who is my shadow*
*with whom I share every thing*

# **പ്രതീക്ഷ**

***പ്രതീക്ഷകൾ എന്നെ തലോടിപ്പായുന്നു***
***ആതിരില്ലാതെ നീണ്ടൊഴുകുന്ന പുഴപോലെ***
***കൂരിരുട്ടിന്റ ലോകം ഇപ്പോഴും ചലിക്കുന്നത്***
***അതിന്റ ദീപ്തി കൊണ്ടാവാം***
***കെടാവിളക്കിന്റെ കാത്തിരിപ്പിൽ***
***തെളിയുകയായി ഞാനൊരു പ്രതീക്ഷ***

***by***
***ഗായത്രി.വി.എസ്***

# സ്നേഹത്തിന്റ്റെ വിളി

*വെണ്മയുള്ള മൃദുലമായ തൂവലുകളുണ്ടെനിക്ക് . കാറ്റിന്റെ താളത്തിനൊത്ത് നൃത്തമാടിയാണ് ഞാൻ നടക്കാറ്. കൊച്ചുകുട്ടികൾക്ക് കളിത്തോഴനായും മുതിർന്നവർക്ക് മധുരിക്കുന്ന ഓർമകൾ നൽകിയും ഞാൻ ഒപ്പം കൂടുന്നു. യൗവനം എന്നിൽ പച്ചപിടിച്ച നിൽക്കുന്നത് എന്റെ വെണ്മയിലും മൃദുലതയിലും ആണെന്ന് ഞാൻ ധരിച്ചിരുന്നു. പക്ഷേ ,അവർ എന്നെ തിരുത്തി . എല്ലാവർക്കും മുന്നിൽ വൃദ്ധനാണെന്ന് ഞാൻ വേദനയോടെയാണ് അറിഞ്ഞത്. സാരമില്ല വൃദ്ധന്മാർക്കാണ് കുട്ടികളോട് കൂടുതൽ അടുക്കാൻ കഴിയുക അവരെ സന്തോഷിപ്പിക്കാനും. അപ്പൂപ്പൻ ,അപ്പൂപ്പൻ എന്ന് അവർ എന്റെ പിന്നാലെ നടന്ന് കൂവി വിളിക്കുന്നു. അപ്പൂപ്പൻതാടി.... അപ്പൂപ്പൻതാടീ..... ആ വിളി സ്നേഹത്തോടെയാണെന്ന് എനിക്കറിയാം*

*By*

*ഷാഹിന പി. എൻ*



# My Father

You have been my inspiration all my life,
you have been my guide and a teacher,
you have thought me the value of patience,
you have enlightened me with your experience,
you held my hands when I was low,
you pushed me up till I was stable.
You show path of opportunities for me
I am incomplete without you,
your values and thoughts encourage me
you speak only for justice
you always touch my soul
With your powerful words
All I can give you is a promise ,
A promise that I keep till my end,
“I will never ever stop trying,
till I reach my destination

Bhavya


HEY WOMEN !
DONT MAKE YOUR EYE WET TODAYS WORLD IS YOURS .ITS TIME TO LAUGH BY FORGETING YOUR SORROW......

# അമ്മ എന്ന സത്യം

സമസ്ത ചരാചരങ്ങൾക്കും ഈ മഹിയിൽ സ്ഥാനമുണ്ടെന്ന പോലെ കുടുംബത്തിന്റെ നെടുംതൂണായി വർത്തിക്കാനുള്ള മാതൃസ്നേഹത്തിന്റെ ശ്രേഷ്ഠത അവൻ ഗ്രഹിച്ചെടുക്കാൻ വളരെ വൈകി പോയി കണ്ണുള്ളപ്പോൾ കണ്ണിന്റെ വില മനസ്സിലാകില്ല എന്നതുപോലെ മാതൃലാളനത്തിന്റെ പരകോടിയിലാഹ്ലാദമായ്

പരിണമിക്കുന്ന സുഖം അവൻ ആദ്യം അറിഞ്ഞിരുന്നില്ല. എന്നാൽ തനിക്കു വേണ്ടപ്പെട്ടവർ

തന്നിൽനിന്ന് അകലുന്നതിന്റെ വേദന അനുഭവത്തിലൂടെ അവൻ മനസ്സിലാക്കി. സ്നേഹനിറകുടമായ അമ്മയെക്കുറിച്ച്

അമ്മയുടെ നൈപുണ്യത്തെക്കുറിച്ചുള്ള ഓർമ്മകൾ അവന്റെ അന്തരംഗാന്തരത്തിൽ

ആഴത്തിലുള്ള മുറിവേൽപ്പിക്കുന്നു. ആ മുറിവിലൂടെയുള്ള നീരൊഴുക്ക് അവനും അമ്മയും

തമ്മിലുള്ള തീക്ഷ്ണബന്ധം ശിഥിലമായിരുന്ന ഓരോ സന്ദർഭങ്ങളിലൂടെയും കടന്നു പോകുന്നു. ഒരു ഓർമ്മയെന്നതിലുപരി ആ സംഭവം അവന്റെ മനസ്സിന്റെ പ്രത്യാശ തല്ലികെടുത്തിയത്

എപ്രകാരമാണെന്ന് അവന് മനസിലാകിന്നില്ല . സ്മരണകളിൽ മഗ്നനായ അവൻ

ഓർമകളിലൂടെ തന്റെ വിരഹവേദനയിലൂടെ ഒന്നു മനസ്സിലാക്കി , നന്മ സ്നേഹം പ്രതീക്ഷ ലാളനം എന്നതിലുപരി

സൗഹൃദത്തിന്റെ ഒരു ഒത്തിരിപ്പൂക്കൂടിയാണ് അമ്മ . ആ സത്യം അനന്തമായി,

അജ്ഞാതമായി, അലഞ്ഞു കൊണ്ടേ

ഇരിക്കുന്നു . എവിടെയൊക്കെയോ ............ ആരുമറിയൊതെ ...........

**by**

അനുപമ എ . എസ്

# ബാല്യം

ഞാനോർത്തു പോകുന്നെൻ ബാല്യകാലം
തേന്തുറുന്നതിപ്പോഴും ഓർമിക്കുകിൽ
ദാരിദ്ര്യമെപ്പോഴും കൂട്ടുകാരൻ
തീരാദുരിതങ്ങൾ കൂട്ടുകാരി
എന്നിരുന്നാലും അക്കാലമെത്ര
നന്മകൾകൊണ്ടു നിറഞ്ഞിരുന്നു
പട്ടിണി തിന്നു രസിച്ചിരുന്നു
കൂട്ടരോടൊപ്പം സഹിച്ചിരുന്ന
നാട്ടൻ പുറങ്ങളിലൂടെ യാത്ര
നീട്ടിയതൊക്കെയും സുന്ദരങ്ങൾ
വയലും തൊടികളും നീർത്തടവും



നയനങ്ങൾക്കാനന്ദമേകിവന്നു
മുളങ്കാടുമൂളിപ്പാട്ടുപാടും
എള്ളുപാടങ്ങളിൽ പൂ ചിരിക്കും
ഓളങ്ങൾ താളം പെരുകി നോക്കും
പുള്ളുകൾ കീർത്തനമാലപിക്കും
തെങ്ങും കവുങ്ങും തണൽ വിരിക്കും
എങ്ങും തളിരുകളുല്ലസിക്കും
കാണുക കേൾക്കുക കൗതുകങ്ങൾ
നാണിച്ചൊതുങ്ങിടും തൊട്ടാവാടി

by
കൃഷ്ണജ . ടി . എസ്

## പ്രകൃതിയുടെ വ്യസനം

*സന്ധ്യ മയങ്ങി പുലരി തെളിയാറായി. അസ്തമന സൂര്യൻ കരുത്താർജിച്ച് ഉദയസൂര്യനായി തിരിച്ചെത്തുന്ന ആ യാത്രക്കുമുന്നെ പതിവായി കേൾക്കുന്ന കൂക്കവിളികൾ തുടങ്ങിയിരിക്കുകയാണ്. ആ സമയത്ത് അകത്തളങ്ങളിലേക്ക് ഒഴുകിയെത്തുന്നത് പ്രകാശത്തിന്റെ കിരണങ്ങളല്ല. മറിച്ച് വിടപറയാൻ വ്യസനിച്ച നിൽക്കുന്ന വാർമതി ഒഴുക്കുന്ന പൂനിലാവിന്റെ ഗദ്ഗദമാണ്. വീണ്ടും ഒരു പ്രഭാതത്തിനായി കാതോർത്തിരുന്നവരെ കുയിലുകളും എന്തിന് ഈ മഹിയും തന്നെ പ്രബോതകത്ത്വത്തിലാഴ്ത്തുന്നതായ ഒരു തോന്നൽ പൊടുന്നനെ എൻ മനസ്സിലേക്കുദിച്ചു. ഇങ്ങനെ പ്രത്യാശ തുളുമ്പുന്ന എത്ര എത്ര പുലരികൾ...... തികച്ചും പ്രകൃതിയുടെ വിസ്മയങ്ങൾ..................*

***by***

***അനുപമ . എ . എസ്***

# സ്നേഹത്തിന്റെ വിളി

*വെണ്മയുള്ള മൃദുലമായ തൂവലുകളുണ്ടെനിക്ക് . കാറ്റിന്റെ താളത്തിനൊത്ത് നൃത്തമാടിയാണ് ഞാൻ നടക്കാറ്.കൊച്ചുകുട്ടികൾക്ക് കളിത്തോഴനായും മുതിർന്നവർക്ക് മധുരിക്കുന്ന ഓർമകൾ നൽകിയും ഞാൻ ഒപ്പം കൂടുന്നു. യൗവനം എന്നിൽ പച്ചപിടിച്ചു നിൽക്കുന്നത്എന്റെ വെണ്മയിലും മൃദുലതയിലും ആണെന്ന് ഞാൻ ധരിച്ചിരുന്നു. പക്ഷേ ,അവർ എന്നെ തിരുത്തി . എല്ലാവർക്കും മുന്നിൽ വൃദ്ധനാണെന്ന് ഞാൻ വേദനയോടെയാണ് അറിഞ്ഞത്. സാരമില്ല വൃദ്ധന്മാർക്കാണ് കുട്ടികളോട് കൂടുതൽ അടുക്കാൻ കഴിയുക അവരെ സന്തോഷിപ്പിക്കാനും. അപ്പൂപ്പൻ ,അപ്പൂപ്പൻ എന്ന് അവർ എന്റെ പിന്നാലെ നടന്ന് കൂവി വിളിക്കുന്നു. അപ്പൂപ്പൻതാടി.... അപ്പൂപ്പൻതാടീ..... ആ വിളി സ്നേഹത്തോടെയാണെന്ന് എനിക്കറിയാം*

*By*

*ഷാഹിന പി. എൻ*



# ഓർമ്മ

ഇന്നീ അങ്കണത്തിൽ നിന്നും
വിടവാങ്ങും നേരം
ഒരു വട്ടം കൂടി എൻ അങ്കണത്തിൽ
പഠിക്കണം എനിക്ക്
അന്നത്തെ എൻ മധുവാർന്ന
നിമിഷങ്ങളോർക്കാൻ....
യാത്രയായ് എന്നോർമ്മകൾ
എന്നിൽ നിന്നും അകലേക്ക്
നിറമാർന്ന ബാല്യത്തിൽ
ലോകത്തിലേക്ക്......
ഇനി തിരിച്ച വരുമോ
ആ നിമിഷങ്ങളെന്നിൽ
കൊതിപ്പൂ ഞാൻ തിരിച്ച
നേടുവാൻ എൻ ബാല്യം



-അഖില.കെ

# ഗ്രാമഭംഗി

എന്തൊരഴകാണെൻ ഗ്രാമം
നന്മതുടിക്കും എൻ ഗ്രാമം
പുഴകൾ മലകൾ വയലുകളും
കാണാനെന്തൊരു ചേലാണ്

പുലരിയിൽ പുഞ്ചിരി തൂകും മൊട്ടുകൾ
പ്രകാശത്താൽ തിളങ്ങിടും ഹിമകണങ്ങള്
കോകിലനാദം മൊഴിയും ഗ്രാമം
സുന്ദരമായൊരെൻ ഗ്രാമം

സന്ധ്യ മയങ്ങും നേരത്തെന്നും
കർമ്മസാക്ഷിതൻ ദീപം അണയും
എത്ര സുന്ദരമെൻ ഗ്രാമം

-ഹരിത.ടി.എച്ച്

# TEACHER

**A Teacher is like a lamp,**
**who gives us the light of knowledge.**
**A Teacher is like a flower,**
**who gives us the scent of education.**
**A Teacher is like a captain,**
**who gives direction to our life.**
**A Teacher is like a farmer,**
**who cultivates good qualities in a student.**
**A Teacher is like the earth,**
**who loves equally all her children.**




**Sania k j**

# ഗ്രാമഭംഗി




**എന്തൊരഴകാണെൻ ഗ്രാമം**
**നമ്മതുടിക്കും എൻ ഗ്രാമം**
**പുഴകൾ മലകൾ വയലുകളും**
**കാണാനെന്തൊരു ചേലാണ്**

**പുലരിയിൽ പുഞ്ചിരി തൂകും മൊട്ടുകൾ**
**പ്രകാശത്താൽ തിളങ്ങിടും ഹിമകണങ്ങൾ**
**കോകിലനാദം മൊഴിയും ഗ്രാമം**
**സുന്ദരമായൊരെൻ ഗ്രാമം**

**സന്ധ്യ മയങ്ങും നേരത്തെന്നും**
**കർമ്മസാക്ഷിതൻ ദീപം അണയും**
**എത്ര സുന്ദരമെൻ ഗ്രാമം**

**-ഹരിത.ടി.എച്ച്**




**GO GREEN ,**
**IT'S NOT**
**THE TIME TO**
**BE GREEDY.**

# അരുവിയോട്



താളത്തിൽ മേളത്തിൽ
താരാട്ടു മൂളിക്കൊ-
ണ്ടീണത്തിലൊഴുകുന്നു
കൊച്ചരുവി........


ഓളത്തിൽ പുളകത്തിൽ
താളം പിടിക്കുന്നു
താഴോട്ടൊഴുകുന്ന
തേനരുവി........

തന്നാനം പാടി
കളിക്കൂട്ടരോടൊത്ത്
തുള്ളിക്കളിക്കാൻ
കൊതിച്ചുവോ നീ.....

ഒത്തിരി കുളിരുമാ-
യൊറ്റയ്ക്കും മലയിൽ നി-
ന്നെത്തുന്ന കാടിന്റെ
കൊച്ചു മകളേ.......

വാട്ടർ തീം പാർക്കിൽ
തുടിക്കുന്ന കുട്ടുകാർ
ക്കൊന്നുമറിയില്ലേ
നിന്നെയൊട്ടും

ലക്ഷ്മി എസ്



# Mother



My mother is an angel
who save us all
She opens the door of
Love and affection
Mother,the shining star of my house
like a bright sapphire
She enlighten my heart
with her soft and silky words
Her life is my book
Her advice is my winning path
my mother is my god
who is my life and soul
GAYATHRI.K.M

# കിനാവ്



*രാവിന്റെമറവിൽ കാണും*
*എങ്ങുപോയ് നീ*
*രാവിന്റെമധുരമാം കിനാവേ*
*ആരാരും കാണാതെ നീ*
*എങ്ങുപോയ്*
*രാഗാർദ്രമാം എൻ കിനാവേ*
*നീയെങ്ങുപോയി എന്നെവിട്ട്*
*കവിതയായ് കഥയായ്*
*കാറ്റായ് മഴയായ് എൻ മനം*
*കവരുവാൻ നീ വന്നു*
*എൻ കിനാവേ*

*നന്ദന എൻ ബി*

# മരതകമാം ജീവിതമുത്ത്


മാലിൽ തീർത്തതല്ല,
മാലാൽ തീർക്കപ്പെട്ടതുമല്ല
രണ്ടിഴകൾ പിന്നിച്ചേർത്ത്
അതിൻ നടുവിൽ,
പ്രഭയോടെ നിൽക്കും,
മുത്താണ് ജീവിതം.





സന്തോഷം,ദുഖം,
ഇവയാകുന്ന രണ്ടിഴകൾ
മരതകമാം ജീവിതമെന്ന
മുത്തിനെ താങ്ങാൻ
ഒരിഴക്കസാധ്യമല്ല.
അതിനാൽ രണ്ടും,
കെട്ടിപുണർന്നൊരിഴയായ്,
ജീവിതമെന്ന മുത്തിനെ
താങ്ങുന്നു.

## ലക്ഷമി എസ്



# നൃത്തം




ചില്ലങ്കതൻ സംഗീതത്തിൽ
അറിഞ്ഞു ഞാൻ നിൻ സൗന്ദര്യം
നിൻ മാൻമിഴികളാൽ
ചൊല്ലീടുമീ ഭാവം

ആദ്യ ചുവടു കൊണ്ട് മെനഞ്ഞെടുത്തോ
ഭരതമുനി നിൻ ലാസ്യ ഭാവം
പുരാണത്തിൽ കഥകൾ
ചൊല്ലിയില്ലേ നിൻ വിരലുകൾ

നിൻ സൃഷ്ടിതൻ മെനഞ്ഞെടുത്തെ
കലാലയമാം വേദയിൽ
ഭരതമുനിതൻ കനവുകൾ
നൃത്തമെന്ന ആവിർ ഭാവം

_ സാന്ദ്ര ജോൺ

# MEMORIES

*NANDANA CR*

*sometimes a curse*
*sometimes a blessing*
*sometimes a tear drops,*
*sometimes a smile,*
*sometimes a sad ,*
*sometimes a happy,*
*sometimes a painful,*
*sometimes joyful,*
*sometimes comforting,*
*but always for a second in the past*
*it remind us,what we still can be*
*memories a curse*
*memories a blessing!!!*



# ഓർമ്മപോലെ

നന്ദന സി ആർ

*എൻ ആത്മാവിൽ അടിത്തട്ടിൽ എവിടെയോ*
*ഞാൻ കണ്ടു മറന്നൊരു മുഖം*
*ആരാണെന്നറിയില്ല എന്നാൽ ആ മുഖം*
*എവിടെയോ സുപരിചിതം.*
*എൻ കണ്ണുകൾ ചിമ്മാതെ, അതിനെ*
*തേടിക്കൊണ്ടിരുന്നു.*
*സ്വപ്നങ്ങളിൽ ആ മുഖം മാത്രം.*
*ആരാണ് ?*

*ഞാനറിയാതെ, എൻ മനസുമാത്രം*
*കണ്ടൊരുചിത്രം.*



*ഇനി എവിടെ കാണും ?*
*എന്ന് കാണും അറിയില്ലാ...........*
*ഉത്തരമില്ലാത്ത ചോദ്യങ്ങൾ*
*എങ്കിലും ഓർമ്മപോലെ ആ മുഖം*
*തങ്ങിന്നിൽക്കുന്നു.*
*എന്നും ഇനി ഓർമ്മകളിൽമാത്രം...........*

# വിദ്യാലയം

**ഇരുളിന്റെ ആഴങ്ങളിൽ നിന്നും**
**അക്ഷരങ്ങളാൽ മധുവസന്തം വാരിവിതറി**
**എന്നിൽ നിറച്ചൊരെൻ വിദ്യാലയം**
**ആ പടിക്കെട്ടുകൾ കയറീടുമ്പോൾ**
**അറിവിന്റെ ലോകം തുറന്നിടുന്നു**




**പൂമ്പാറ്റപോൽ തേൻ നുകർന്നിടുന്നു ഞാൻ**
**ആ മധു എന്നിൽ നിറയുന്നു സ്വപ്നമായ്**
**അറിവിന്റെ തീരാ ആഴക്കടലിലായ്**
**എൻ മനം പക്ഷിപോൽ പാറിടുന്നു**
**അറിവിന്റെ ലോകം തുറന്നിടുന്നു**

**റിനി റാഫേൽ**

# ON A RAINY DAY



It was a rainy morning,
the dull sun and the cool breeze
made me lazy
I wished to hide under the blanket
But, the thought of my friends,
The crazy games we play
made me wake up with a smile
At the school gate I saw
the courtyard filled with colourful
umbrellas
All moving in different directions
water was everywhere and
It make me soak
the trees were shaking their heads,
Enjoying the music of the rain
My heart was filled with joy,
thinking of my friends
waiting for me to play.

# *The River*



**There is a River behind my yard**
**It flows with a trickling sound**
**I like to go and sit in its bank**
**When I am last in thoughts or not**
**you flow through my yard**
**Like an sprinkle of happiness for the plants**
**and a thirst for the squirrels**
**You start from a mountain which is**
**so high and stops in the sea**
**What a great chance do you bare**
**how much people do you see**
**different grass land, different animals**
**and many more you see in your trip**

**SREESHA CS**

# അന്ധകാരം



കേൾപ്പതെല്ലാം  വിശ്വസനീയം
കാണാലോകത്തെ
അറിയുവാനായി തിടുക്കം
ജന്മപാപത്താൽ കാഴ്ചതൻ
നഷ്ടപ്പെടവെ........
ജീവിതം തൊട്ടറിയാനായി
തിടുക്കമിട്ടുന്നെൻ ഹൃദയം
ആഘാതമാം ആഴങ്ങൾ തൻ
ആശയങ്ങൾ മനസ്സിലാക്കാതെ

**വീണാദേവി**

# ***SHE***

Her eyes was burn as a sun
Her mind was glow with kind and mercy
She was a specimen to everyone
Her each word can make a
Flowering season of words
She has a good mind for love and care
She serve other people with kind and love
She was a role model for everyone
She treats other people with kind
Her treatment was so fair
to other people
She was my bosom friend
She help me in the situation
that I want her..................



**Gopika Ps**

## നന്ദിപൂർവ്വം.........

ഡിജിറ്റൽ മാഗസ്സിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേത്രുത്വം നൽകിയ സുമം ടീച്ചർക്കും ദിവ്യ ടീച്ചർക്കും ഒരായിരം നന്ദി.........

എഡിറ്റർ